പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**അടിയന്തര ചോദ്യം നമ്പർ . 2** 17.12.2015 ൽ മറുപടിക്ക്

# വർദ്ധിപ്പിച്ച ഗൾഫ് വിമാന യാത്രക്കൂലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ: | | കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ചെന്നൈ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എയർ ഇൻഡ്യാ വിമാനസർവ്വീസുകൾ റദ്ദാക്കിയതോടെ സ്വകാര്യ വിമാനകമ്പനികൾ ഗൾഫ് വിമാന യാത്രാക്കൂലി പലമടങ്ങ് വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെന്നൈ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എയർ ഇൻഡ്യാ വിമാനസർവ്വീസുകൾ റദ്ദാക്കിയതോടെ ഈ മേഖലയിൽ ഡിമാന്റ് വർദ്ധിച്ചത് കാരണം വിമാന യാത്രാക്കൂലി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര എയർ ഇൻഡ്യാ സർവ്വീസുകളാണ് റദ്ദാക്കിയത്; അവ പുനഃസ്ഥാപിക്കുമോ; | (ബി) | ഏഴ് സർവ്വീസുകളാണ് റദ്ദാക്കിയത്. ചെന്നൈ വിമാനത്താവളം പ്രളയത്തിന് ശേഷം തുറന്ന ഉടൻതന്നെ സർവ്വീസുകൾ പുനഃസ്ഥാപിച്ചു. |
| (സി) | പ്രളയം വരുന്നതിന് മുമ്പ് കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽ നിന്ന് ഗൾഫിലെ വിവിധ വിമാനത്താവളങ്ങിലേക്ക് ഓരോ വിമാനകമ്പനിയും ഈടാക്കിയിരുന്ന നിരക്ക് എത്ര വീതമായിരുന്നു; | (സി) | കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും, വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് **IATA/DGCA** അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ |

| | | | |
|---|---|---|---|
| | | | എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത് എന്നാണ് എയർ ഇൻഡ്യ അറിയിച്ചിട്ടുള്ളത്. |
| (ഡി) | പ്രളയത്തിന് ശേഷം അവ എത്ര വീതമായി വർദ്ധിപ്പിച്ചു; നിരക്ക് വർദ്ധന ഒഴിവാക്കുവാൻ അടിയന്തിരമായി സർക്കാർ ഇടപെടുമോ? | (ഡി) | പ്രളയത്തിന് ശേഷം എയർ ഇൻഡ്യ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട് കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിക്ക് 10.12.2015- ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ട ത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടികുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേക്ക് ഗൾഫ് നാടുകളിൽ നിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ